<u>വിവരാവകാശ നിയമം</u>

കേരള സർക്കാർ

978

നം. സാനീവ- സി1/17/2019-സാനീവ

സാമൂഹ്യനീതി (സി)വകുപ്പ്,
തിരുവനന്തപുരം,
തീയതി. 21/01/2019

പ്രേഷകൻ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അണ്ടർ സെക്രട്ടറി

സ്വീകർത്താവ്,

ശ്രീ.എ.എസ്.ഉല്ലാസ് കുമാർ,
ചീഫ് റിപ്പോർട്ടർ,
മലയാള മനോരമ,
റിങ് റോഡ്, പത്തനംതിട്ട 689645

2019

സർ,

വിഷയം:- സാനീവ- വിവരാവകാശ നിയമം 2005-വിവരം ലഭ്യമാക്കുന്നത്- സംബന്ധിച്ച്

സൂചന:- 16.1.19 തീയതിയായി ഈ വകുപ്പിൽ ലഭിച്ച താങ്കളുടെ 04.01.19 തീയിതിയായുള്ള വിവരാവകാശ അപേക്ഷ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് മെയിന്റനൻസ് ഗ്രാന്റ് അനുവദിച്ച് നൽകുന്നുണ്ട്.ഇത് സംബന്ധിച്ച 29.07.15 ലെ സ.ഉ.(സാധാ)നം. 467/2015/സാനീവ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസഗ്രാന്റ് 1000/- രൂപയിൽ നിന്നും 1100/- രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.താങ്കൾ ആവശ്യപ്പെട്ട മറ്റ് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് സാമൂഹ്യനീതി ഡയറക്ടേറ്റിലെയും ഓർഫനേജ് കൺട്രോൾ ബോർഡിലെയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് വിവരാവകാശ നിയമം 2005 ന്റെ സെക്ഷൻ 6(3) പ്രകാരം കൈമാറി നൽകിയിട്ടുണ്ട് എന്നുള്ള വിവരം അറിയിക്കുന്നു.

ഈ മറുപടിയിൽ തൃപ്തനല്ലെങ്കിൽ മറുപടി കൈപ്പറ്റി 30 ദിവസത്തിനകം താങ്കൾക്ക് ചുവടെ പറയുന്ന വിലാസത്തിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

**<u>അപ്പീൽ അധികാരി</u>**

ശ്രീമതി. ലീലാമണി.കെ.എം,
അഡീഷണൽ സെക്രട്ടറി & അപ്പീലധികാരി,
സാമൂഹ്യനീതി വകുപ്പ്,ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം,
ഫോൺ : 0471-2518373

വിശ്വസ്തതയോടെ,

ശാരദാ ദേവി.യു
അണ്ടർ സെക്രട്ടറി &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ഫോൺ നമ്പർ 0471-2518098

പകർപ്പ്:- 1)സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യനീതി ഡയറക്ടേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം

2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഓർഫനേജ് കൺട്രോൾ ബോർഡ് , തിരുവനന്തപുരം (സൂചന അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ അപേക്ഷകന് നേരിട്ട് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

To,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി
സാമൂഹ്യനീതി വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

From,

എ.എസ്. ഉല്ലാസ് കുമാർ
ചീഫ് റിപ്പോർട്ടർ
മലയാള മനോരമ
റിങ് റോഡ്,
പത്തനംതിട്ട-689645
ഫോൺ--9846061053

<u>വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ</u>

1. സംസ്ഥാന സർക്കാർ നേരിട്ടു നടത്തുന്നതും ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും നിയന്ത്രണത്തിലുള്ള വൃദ്ധ സദനങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നത് എത്ര എണ്ണത്തിനാണെന്നതിന്റെയും ഒരു അന്തേവാസിക്ക് എത്ര രൂപ വീതം കണക്കാക്കിയാണ് തുക നൽകുന്നുവെന്നതിന്റെയും വിവരം ലഭ്യമാക്കുക.
2. സംസ്ഥാന സർക്കാർ നേരിട്ടു നടത്തുന്നതും ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും നിയന്ത്രണത്തിലുള്ള വൃദ്ധ സദനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി 2015,2016,2017,2018 വർഷങ്ങൾ ചെലവായ തുക എത്രയാണെന്നതിന്റെയും വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കുക.
3. സംസ്ഥാന സർക്കാർ നേരിട്ടു നടത്തുന്നതും ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും നിയന്ത്രണത്തിലുള്ള വൃദ്ധ സദനങ്ങൾക്ക്താമസിക്കുന്ന എത്ര അന്തേവാസികൾക്കാണ് നിലവിൽ ഗ്രാന്റ് നൽകുന്നത്. 2015, 2016,2017 വർഷങ്ങളിൽ എത്ര അന്തേവാസിക്ക് വീതമാണ് ഗ്രാന്റ് നൽകിയതെന്നതിന്റെയും വിവരം ലഭ്യമാക്കുക.
4. സർക്കാർ നേരിട്ട് നടത്തുന്നതും ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും നിയന്ത്രണത്തിലുള്ള വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കായി നൽകുന്ന മറ്റു സർക്കാർ സഹായങ്ങളെന്തൊക്കെയാണെന്നതിന്റെയും ഇതിനായി 2015,2016,2017,2018 വർഷങ്ങളിൽ ചെലവായ തുകയുടെയും വിവരങ്ങൾ ലഭ്യമാക്കുക.

വിവരങ്ങൾ ലഭ്യമാക്കുന്നതിന് അധിക ചിലവ് വേണ്ടി വന്നാൽ അത് വഹിക്കാൻ ഞാൻ തയാറാണെന്നും അറിയിക്കുന്നു.

മുകളിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ഏതെങ്കിലും താങ്കളുടെ ഓഫീസിൽ ലഭ്യമല്ലെങ്കിൽ വിവരാവകാശ നിയമം 2001 വകുപ്പ് 6(3) അനുസരിച്ചും ചീഫ ഇൻഫർമേഷൻ കമ്മീഷണറുടെ തീർപ്പ് നമ്പർ CIC/SM/A/2011/000278/SG/ 12966 അനുസരിച്ചും ഈ അപേക്ഷയുടെ പകർപ്പ് ബന്ധപ്പെട്ട കാര്യാലയത്തിലേക്ക് അഞ്ചു ദിവസത്തിനകം കൈമാറ്റം ചെയ്യേണ്ടതും ആ വിവരം എന്നെ അറിയിക്കുകയും ചെയ്യണം. വിവരാവകാശ നിയമപ്രകാരം 2005 വകുപ്പ് 7(9) അനുസരിച്ച് വിവരങ്ങൾ ക്രോഡീകരിച്ച് വിവരങ്ങൾ നൽകണമെന്ന കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ (TREESA IRISH VS CENTRAL PUBLIC INFORMATION OFFICER , WP© NO.6532/2006) പശ്ചാത്തലത്തിൽ ഞാൻ പരാമർശിക്കുന്നു. ആയതിനാൽ മേൽ ആവശ്യപ്പെട്ട വിവരങ്ങൾ താങ്കളുടെ കാര്യാലയത്തിൽ ലഭ്യമായ രൂപത്തിൽ എനിക്ക് സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുക

ആദരവോടെ

04-01-2019
പത്തനംതിട്ട

എ.എസ്. ഉല്ലാസ് കുമാർ